⇨ ഇതേവരെ ആ ഉറപ്പുകളൊന്നും പാലിക്കാൻ സർക്കാറിന് കഴിഞ്ഞിട്ടില്ല ⇨

# അഞ്ച് വർഷത്തിനുള്ളിൽ ഇവർ മരിച്ചുതീരില്ല

നിരവധി നീതിനിഷേധങ്ങൾ നിലനിൽക്കെയാണ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭിച്ചുകൊണ്ടിരുന്ന എല്ലാ ധനസഹായവും അഞ്ച് വർഷം കൊണ്ട് അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഈ സർക്കാർ ഉത്തരവാണ് ഞങ്ങൾ വീണ്ടും സമരമുഖത്തേക്കെത്താനുള്ള പ്രധാന കാരണം

■ **അമ്പലത്തറ കുഞ്ഞികൃഷ്ണൻ**

**എൻഡോസൾഫാൻ ദുരിത ബാധിതർ വീണ്ടും സമരത്തിലേക്ക് എത്തിയതിന്റെ പശ്ചാത്തലമെന്താണ്?**

ഇരകളുടെ ജീവിക്കാനുള്ള അവകാശത്തിനായി എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ അമ്മമാർ 2012 ഏപ്രിൽ 20 മുതൽ നാലുമാസത്തോളം നീണ്ടുനിന്ന സമരം കാസർഗോഡ് കളക്ട്രേറ്റിന് മുന്നിൽ നടത്തുകയുണ്ടായി. ഏറെ നാളുകൾക്ക് ശേഷമാണ് അത്രയും നീണ്ടൊരു സമരം എൻഡോസൾഫാൻ വിഷയത്തിൽ നടക്കുന്നത്. രോഗപീഡകൾ കാരണം ജീവിതം വഴിമുട്ടിയ കുട്ടികളുടെ അമ്മമാരായിരുന്നു സമരത്തിന് നേതൃത്വം നൽകിയിരുന്നത്. സമരത്തിനിടയിൽ രണ്ട് തവണ മുഖ്യമന്ത്രി കാസർഗോഡ് വന്നിരുന്നു. സമരം ചെയ്യുന്നവരെ കാണാൻ തയ്യാറാകാതെ അവരുടെ മുന്നിലൂടെ അദ്ദേഹം വേഗത്തിൽ കാറോടിച്ച് പോവുകയായിരുന്നു അന്ന്. തുടർന്ന് മുഖ്യമന്ത്രിയെ നേരിൽ കാണാൻ തിരുവനന്തപുരത്തെത്തിയ അമ്മമാരോട് വ്യക്തമായ തീരുമാനങ്ങളൊന്നും പറയാതെ അദ്ദേഹം ഒഴിഞ്ഞുമാറി. തീരുമാനമാകാതെ പോകാൻ വിസമ്മതിച്ച സ്ത്രീകളെ അന്ന് അദ്ദേഹത്തിന്റെ ചേംബറിൽ നിന്നും അറസ്റ്റുചെയ്ത് നീക്കുകയാണ് ചെയ്തത്. ആ ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് കാസർഗോഡ് എം.പി. പി. കരുണാകരനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ശ്യാമളാദേവിയും മുഖ്യമന്ത്രിയുമായി ചർച്ച നടത്തുകയും അവരുടെ അഭ്യർത്ഥന മാനിച്ച് ഞങ്ങൾ അന്ന് സമരം നിർത്തിവക്കുകയും ചെയ്തു. വിദഗ്ധ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ ജില്ലയിൽ ഒരുക്കും, ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കും, അർഹരായ രോഗികളെ കണ്ടെത്തുന്നതിന് വേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും, ദുരിതബാധിതരുടെ കടങ്ങൾ എറ്റെടുക്കുന്നതിനെക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കും, വിശദാംശങ്ങൾ അറിയാൻ മന്ത്രിമാരെ അയയ്ക്കും എന്നീ ഉറപ്പുകളാണ് അന്ന് സമരം അവസാനിപ്പിക്കുമ്പോൾ ഞങ്ങൾക്ക് ലഭിച്ചത്.

എന്നാൽ ഇതേവരെ ആ ഉറപ്പുകളൊന്നും പാലിക്കാൻ സർക്കാറിന് കഴിഞ്ഞിട്ടില്ല. സ്ഥിതിഗതികളറിയാൻ മന്ത്രിമാരെ അയച്ചു എന്നതുമാത്രമാണ് നടന്ന




സമരപന്തലിൽ എ. മോഹൻകുമാർ ഉപവസിക്കുന്നു. അമ്പലത്തറ കുഞ്ഞികൃഷ്ണൻ സംസാരിക്കുന്നു.

ത്. ചികിത്സാ സഹായങ്ങൾ പോലും നിഷേധിക്കപ്പെട്ട ഇരകളുടെ അവസ്ഥ ഇപ്പോഴും ദുരിതപൂർണ്ണമായി തുടരുകയാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ 2010 ഡിസംബർ 31ന് കേരള സർക്കാറിന് മുന്നിൽ വച്ച നിർദ്ദേശങ്ങൾ ഏറ്റെടുക്കാൻ സർക്കാർ ഇനിയും ആർജ്ജവം കാണിച്ചിട്ടില്ല. ദുരിതബാധിതരുടെ കടബാധ്യതകൾ സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യവും അവഗണിക്കപ്പെട്ടിരിക്കുന്നു. ഈ നീതിനിഷേധങ്ങളൊക്കെ നിലനിൽക്കെയാണ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭിച്ചുകൊണ്ടിരുന്ന എല്ലാ ധനസഹായവും (വികലാംഗ പെൻഷൻ ഒഴികെ) അഞ്ച് വർഷം കൊണ്ട് അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഈ സർക്കാർ ഉത്തരവാണ് ഞങ്ങൾ വീണ്ടും സമരമുഖത്തേക്കെത്താനുള്ള പ്രധാനകാരണം. സർക്കാർ ഉത്തരവ് പിൻവലിക്കുക എന്നതാണ് പ്രധാനമായും മുന്നോട്ട് വയ്ക്കുന്ന മുദ്രവാക്യം.

**സമരപന്തലിൽ നിന്നുള്ള വാർത്തകൾ എന്തെല്ലാമാണ്?**

2013 ഫെബ്രുവരി 18 മുതലാണ് കാസർഗോഡ് പുതിയ ബസ്സ്റ്റാന്റ് പരിസരത്ത് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചത്. ബി.ആർ.പി. ഭാസ്കരാണ് സമരം ഉദ്ഘാടനം ചെയ്തത്. ആദ്യദിനങ്ങളിൽ ഉപവാസമിരുന്നത് പി. കൃഷ്ണൻ പുല്ലൂർ, സുഭാഷ് ചീമേനി എന്നിവരാണ്. ഒമ്പതാം ദിവസം അവരെ അറസ്റ്റ് ചെയ്ത് നീക്കിയതിനെ തുടർന്ന് ഡോ. ഡി. സുരേന്ദ്രനാഥ് നിരാഹാര സരമം തുടങ്ങി. ഏഴ് ദിവസം വരെ അദ്ദേഹം നിരാഹാരം തുടർന്നു. അദ്ദേഹത്തെയും അറസ്റ്റ് ചെയ്ത് നീക്കിയ ശേഷമാണ് പരിസ്ഥിതി പ്രവർത്തകൻ എ. മോഹൻകുമാർ ഉപവാസ സമരം തുടങ്ങിയത്.

സുഭാഷിനെയും കൃഷ്ണനെയും അറസ്റ്റ് ചെയ്ത് നീക്കിയ ദിവസം ജില്ലാ കളക്ടർ പി.എസ്. മുഹമ്മദ് സഗീറും എം.എൽ.എ എൻ.എ. നെല്ലിക്കുന്നും പന്തലിൽ ചർച്ചയ്ക്കെത്തി. മുഖ്യമന്ത്രി അനുഭാവപൂർണ്ണമാണ് കാര്യങ്ങൾ പരിഗണിക്കുന്നതെന്നും രണ്ട് ദിവസത്തിനകം തീരുമാനമുണ്ടാകുമെന്നുമാണ് അവർ അന്ന് പറഞ്ഞത്. എന്നാൽ ഉറപ്പ് കിട്ടാത്തതിനാൽ ഞങ്ങൾ സമരത്തിൽ നിന്നും പിന്മാറാൻ തയ്യാറായില്ല. അതിന് ശേഷം ആരും സർക്കാറിന്റെ പക്ഷത്ത് നിന്നും ചർച്ചയ്ക്കെത്തിയില്ല. മോഹൻകുമാറിന്റെ ഉപവാസം അഞ്ചാം ദിവസത്തിലേക്ക് കടന്നപ്പോൾ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ പോലീസ് എത്തി. അന്ന് ആ ശ്രമം ഞങ്ങൾ തടഞ്ഞു. ഡോക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ ഉത്തരവുമായി തഹസീൽദാർ ശശിധര ഷെട്ടി അന്നേ ദിവസം സമരപന്തലിലെത്തി. അദ്ദേഹത്തിനോട് ആശുപത്രിയിലേ

ക്ക് മാറണമെന്ന് അഭ്യർത്ഥിച്ചു. സമരത്തെ പരാജയപ്പെടുത്താനുള്ള നീക്കമായിരുന്നു അത്. തനിക്ക് പ്രശ്നമൊന്നുമില്ലെന്നും തന്റെ ജീവനല്ല ഇരകളുടെ ജീവനാണ് പ്രധാനമെന്നും പറഞ്ഞ് മോഹൻകുമാർ തഹസീൽദാറെ തിരിച്ചയച്ചു. വൻ പോലീസ് സന്നാഹമാണ് അന്ന് അറസ്റ്റിനെത്തിയത്. അടുത്തദിവസങ്ങളിലൊന്നും അത്തരം ശ്രമങ്ങളുണ്ടായില്ല. ഓരോ ദിവസം കഴിയുമ്പോഴും സമരത്തിന് കൂടുതൽ ജനപിന്തുണ കിട്ടിക്കൊണ്ടുമിരുന്നു. നിരവധി സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകർ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് സത്യാഗ്രഹ പന്തലിലെത്തി. സി.പി.എം ഉൾപ്പെടെയുള്ള പല രാഷ്ട്രീയ പാർട്ടികളും സമരത്തിന് പിന്തുണയുമായി സമാന്തര പരിപാടികൾ കാസർഗോഡ് വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ചു. സാമൂഹിക പ്രവർത്തകർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഐക്യദാർഢ്യ പരിപാടികൾ നടത്തി. ദേശീയതലത്തിലും മേധാപട്കറുടെ നേതൃത്വത്തിൽ സമരം നടന്നു. വി.എം. സുധീരൻ, പി.സി. വിഷ്ണുനാഥ് എം.എൽ.എ, ബിനോയ് വിശ്വം, കടന്നപ്പിള്ളി രാമചന്ദ്രൻ, പി.ടി.എ. റഹീം എം.എൽ.എ തുടങ്ങിയ നിരവധി രാഷ്ട്രീയ നേതാക്കന്മാർ സമരപന്തലിലെത്തി ഞങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. എന്നാൽ കെ.പി.സി.സി അധ്യക്ഷൻ രമേശ് ചെന്നിത്തല കാസർഗോഡ് എത്തിയിരുന്നെങ്കിലും ഞങ്ങളെ കാണാതെ മടങ്ങി.

ചുരുക്കത്തിൽ സർക്കാറിന്റെ ഭാഗത്ത് നിന്നും വേണ്ടത്ര ഇടപെടലുകളുണ്ടായില്ലെങ്കിലും ജനങ്ങളുടെ വിശാലമായ പിന്തുണയാർജ്ജിക്കാൻ ഈ രണ്ടാം ഘട്ട സമരത്തിനും കഴിഞ്ഞു. എൻഡോസൾഫാൻ ഇരകൾക്ക് നീതികിട്ടാനുള്ള പോരാട്ടത്തിൽ ജനങ്ങൾ ഞങ്ങളോടൊപ്പമുണ്ടാകുമെന്ന ഉറപ്പുതന്നെയാണ് ഇത്തവണയും ഞങ്ങൾക്ക് പ്രചോദനമായി മാറിയത്. 200ൽ അധികം പേർ എല്ലാ ദിവസവും സമരപന്തലിൽ എത്തുന്നുണ്ട്. വാർത്താ മാധ്യമങ്ങൾ ജില്ലാ പേജിൽ മാത്രം വാർത്തകൾ ഒതുക്കുന്നതുകൊണ്ട് മറ്റ് ജില്ലകളിലുള്ളവർ സമരത്തെക്കുറിച്ച് അറിയാതെ പോകുന്നു എന്നത് മാത്രമാണ് പ്രശ്നം. മറ്റ് പല മാർഗ്ഗങ്ങളിലൂടെയും അത് മറികടക്കാനാണ് ഇപ്പോൾ ഞങ്ങൾ ശ്രമിക്കുന്നത്.

**വികലാംഗ പെൻഷൻ ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങൾ അഞ്ച് വർഷം കൊണ്ട് പിൻവലിക്കുകയാണെന്ന സർക്കാർ ഉത്തരവ് 12-01-2012ൽ ആണല്ലോ ഇറങ്ങുന്നത്. ഉത്തരവിന്റെ വിശദാംശങ്ങൾ വൈകിയാണോ അറിയുന്നത്?**

ഈ ഉത്തരവ് ഞങ്ങളെ അറിയിക്കാതെ സർക്കാർ പൂഴ്ത്തിവയ്ക്കുകയാണുണ്ടായത്. ഉത്തരവിന്റെ പകർപ്പ് സർക്കാർ ഞങ്ങൾക്ക് അയച്ചുതന്നില്ല. മാധ്യമങ്ങളും ഇക്കാര്യം അറിഞ്ഞില്ല. മനുഷ്യാവകാശ കമ്മീഷന് മാത്രമാണ് സർക്കാർ ഉത്തരവിന്റെ കോപ്പി അയച്ചത്. വി.എസ്. അച്യുതാനന്ദൻ മനുഷ്യാവകാശ കമ്മീഷന് അയച്ച കത്തിന്റെ മറുപടിയായി അദ്ദേഹത്തിന് ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ചപ്പോഴാണ് സർക്കാർ തീരുമാനത്തെക്കുറിച്ച് എല്ലാവരും അറിയുന്നത്. കിട്ടിയയുടൻ ഉത്തരവിന്റെ കോപ്പി ഞങ്ങൾ എല്ലാ ജനപ്രതിനിധികൾക്കും മാധ്യമങ്ങൾക്കും നൽകി. അതോടെയാണ് വിഷയത്തിന് ശ്രദ്ധ കിട്ടുന്നത്. ആ ഉത്തരവ് പിൻവലിക്കണമെന്നാണ് ഇപ്പോൾ ഞങ്ങൾ പ്രധാനമായും ആവശ്യപ്പെടുന്നത്.

**ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?**

2453 രോഗികൾക്ക് അഞ്ച് ലക്ഷവും 1729 രോഗികൾക്ക് മൂന്ന് ലക്ഷവും മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് അഞ്ച് ലക്ഷം വീതം ആശ്വാസധനവും നൽകാമെന്നും 2012 മാർച്ച് 31ന് ഇതിന്റെ ആദ്യഗഡു വിതരണം പൂർത്തിയാക്കാമെന്നും സർക്കാർ ദേശീയ മനുഷ്യാവകാശ കമ്മീഷന് ഉറപ്പുനൽകിയതാണ്. എന്നാൽ 11 പഞ്ചായത്തുകളിലെ 1613 പേർക്ക് മാത്രമാണ് 2013 ജനുവരി മാസം വരെ ധനസഹായം നൽകാൻ കഴിഞ്ഞത്. പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയ 27 കോടിരൂപ മാത്രമാണ് ആശ്വാസധനം നൽകുന്നതിനായി സർക്കാർ വിനിയോഗിച്ചത്. കാൻസർ അടക്കമുള്ള മാരകരോഗങ്ങൾ ബാധിച്ചവർക്ക് സഹായങ്ങളൊന്നും കിട്ടിയിട്ടില്ല.

നിലവിൽ 11 പഞ്ചായത്തുകളെ മാത്രമാണ് ദുരിതബാധിത പഞ്ചായത്തുകളായി പ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ നൽകുന്നത്. എന്നാൽ ഈ പഞ്ചായത്തുകൾക്ക് പുറത്തും എൻഡോസൾഫാൻ മൂലം രോഗികൾ മരിച്ചതായി കണ്ടെത്തിയിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിലും സർവ്വെ നടത്തി ദുരിതബാധിതരെ കണ്ടെത്തണമെന്ന് മനുഷ്യാവകാശ കമ്മീഷനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 11 പഞ്ചായത്തുകൾക്ക് പുറത്തുള്ള

## ആദ്യചർച്ച പരാജയം

എൻഡോസൾഫാൻ വിഷയം ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മാർച്ച് 21ന് നടന്ന യോഗം തീരുമാനമാകാതെ പിരിഞ്ഞു. ദുരിതബാധിതർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അഞ്ച് വർഷം കഴിഞ്ഞ് നിർത്തലാക്കുമെന്ന ഉത്തരവ് പിൻവലിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. എന്നാൽ മറ്റ് ആവശ്യങ്ങളെല്ലാം മാർച്ച് 25ന് നടക്കുന്ന ചർച്ചയിൽ മാത്രമെ പരിഗണിക്കൂ എന്നതിനാൽ സമരം തുടരാൻ സമരസമിതി തീരുമാനിച്ചു.

വർക്ക് സഹായങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇരകളുടെ പുനരധിവാസത്തിൽ സർക്കാർ വലിയ അലംഭാവമാണ് കാണിക്കുന്നത്. പട്ടികയിൽ പേരില്ല എന്ന കാരണത്താൽ പല രോഗികൾക്കും ചികിത്സാ സഹായം നിഷേധിക്കപ്പെടുന്നുണ്ട്. സഹായം നൽകാനുള്ള പണം കുറ്റവാളിയായ പ്ലാന്റേഷൻ കോർപ്പറേഷനോട് വീണ്ടും ആവശ്യപ്പെടാൻ സർക്കാർ മടി കാണിക്കുകയാണ്. ക്യാൻസർ രോഗികൾക്ക് ചികിത്സാ സഹായം കൊടുക്കാൻ പറഞ്ഞിട്ടില്ല എന്നുപറഞ്ഞാണ് അവരെ ഒഴിവാക്കുന്നത്. ഈ പ്രശ്നങ്ങൾ ഞങ്ങൾ സർക്കാറിനെ മുമ്പ് ബോധിപ്പിച്ചിട്ടുള്ളതാണ്. ജനിച്ചുകൊണ്ടിരിക്കുന്ന പല കുട്ടികൾക്കും ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഭാവിയിൽ രോഗികളായി പിറക്കാനിരിക്കുന്ന കുട്ടികളെ ഏത് ലിസ്റ്റിലാണ് ഉൾപ്പെടുത്തേണ്ടത് എന്നതിൽ ഇപ്പോഴും വ്യക്തതയില്ല. ഇത്തരം സഹായങ്ങൾ തുടരാൻ സർക്കാർ ആഗ്രഹിക്കുന്നില്ല എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്.

ജനിച്ചുകൊണ്ടിരിക്കുന്ന പല കുട്ടികൾക്കും ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഭാവിയിൽ രോഗികളായി പിറക്കാനിരിക്കുന്ന കുട്ടികളെ ഏത് ലിസ്റ്റിലാണ് ഉൾപ്പെടുത്തേണ്ടത് എന്നതിൽ ഇപ്പോഴും വ്യക്തതയില്ല. ഇത്തരം സഹായങ്ങൾ തുടരാൻ സർക്കാർ ആഗ്രഹിക്കുന്നില്ല എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്

**സർക്കാറിന്റെ പിൻമടക്കത്തിന് പിന്നിലെ താത്പര്യങ്ങളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?**

സർക്കാറിനും പ്ലാന്റേഷൻ കോർപ്പറേഷനും കുറ്റം സമ്മതിക്കാൻ മടിയുള്ളതായാണ് കാണുന്നത്. എൻഡോസൾഫാൻ എന്ന കീടനാശി കാരണം കുഴപ്പമുണ്ടായതായി സമ്മതിച്ചാൽ കീടനാശിനികളെ ആളുകൾ ഒഴിവാക്കിത്തുടങ്ങും. എൻഡോസൾഫാൻ ദുരിതബാധിതർക്ക് മാന്യമായ രീതിയിൽ നഷ്ടപരിഹാരം നൽകിയാൽ നാളെ മറ്റ് പല കീടനാശിനി ദുരന്തങ്ങളിലും അത് ആവർത്തിക്കേണ്ടിവരും. അത്തരമൊരു സംവിധാനം സൃഷ്ടിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. പ്രകൃതി ദുരന്തത്തിനോ മദ്യദുരന്തത്തിനോ നഷ്ടപരിഹാരം നൽകുന്നതുപോലെയല്ലല്ലോ ഇത്. കീടനാശികളും കീടനാശിനി പ്രയോഗങ്ങളും കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് ഫലത്തിൽ സർക്കാറിന് സമ്മതിക്കേണ്ടതായി വരും. കീടനാശിനി കമ്പനികൾക്ക് ലോബിയിംഗ് ശക്തിയുള്ള ഒരു നാട്ടിൽ അങ്ങനെ സമ്മതിക്കുന്നത് വലിയ പ്രയാസമാണ്. അത്തരം സമ്മർദ്ദങ്ങൾ കാരണമാണ് ഇരകളെ മാന്യമായി പുനരധിവസിപ്പിക്കാൻ സർക്കാർ മടികാണിക്കുന്നത് എന്നാണ് ഞങ്ങളുടെ അനുമാനം.

**ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന എൻഡോസൾഫാന്റെ സ്ഥിതി?**

എൻഡോസൾഫാൻ ഇപ്പോഴും ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുകയാണ്. രാജപുരം, പെരിയ, ചീമേനി ഗോഡൗണുകളിലാണ് എൻഡോസൾഫാൻ കെട്ടിക്കിടക്കുന്നത്. സുരക്ഷിതമായ ബാരലുകളിലാണ് ഇവ സൂക്ഷിച്ചിരിക്കുന്നതെന്നാണ് സർക്കാറിന്റെ പക്ഷം. എന്നാൽ ചീമേനിയിലെ ഗോഡൗണിൽ നിന്നും എൻഡോസൾഫാൻ മണ്ണിലേക്ക് ഒലിച്ചിറങ്ങാൻ തുടങ്ങുകയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ ഘെരാവൊ ചെയ്യുന്നതടക്കമുള്ള സമരപരിപാടികളിലേക്ക് ഞങ്ങൾ നീങ്ങുകയും ചെയ്തപ്പോഴാണ് സുരക്ഷിതമായ ബാരലുകളിലേക്ക് എൻഡോസൾഫാൻ മാറ്റാൻ സർക്കാർ തയ്യാറായത്. അഞ്ച് ലക്ഷം രൂപ ചിലവാക്കി ജപ്പാനിൽ നിന്നും ഇറക്കുമതി ചെയ്ത അത്യന്താധുനിക സംവിധാനങ്ങൾ ഉപയോഗിച്ചാണ് എൻഡോസൾഫാൻ ഒരു ബാരലിൽ നിന്നും മറ്റൊന്നിലേക്ക് മാറ്റിയത്. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾ കൈകൊണ്ട് കലക്കി തളിച്ചിരുന്ന വിഷം ശരിക്കും എത്ര സൂക്ഷ്മതയോടെയാണ് കൈകാര്യം ചെയ്യേണ്ടിയിരുന്നതെന്ന് കണ്ട് അന്ന് കാസർഗോഡെ ജനങ്ങൾ അത്ഭുതപ്പെട്ടു.

സുരക്ഷിതമായ ബാരലുകളിലേക്ക് മാറ്റി എന്നതുകൊണ്ട് പ്രശ്നങ്ങൾ അവസാനിച്ചതായി ഞങ്ങൾ കരുതുന്നില്ല. എൻഡോസൾഫാൻ എന്ന മാരകവിഷം കാസർഗോഡിന്റെ മണ്ണിൽ നിന്നും പൂർണ്ണമായും മാറ്റണമെന്നാണ് ഞങ്ങളുടെ ആവശ്യം. ഉത്പാദിപ്പിച്ച കമ്പനികളിൽ തന്നെ കൊണ്ടുപോയി അവ നിർവീര്യമാക്കണം. എൻഡോസൾഫാൻ നിരോധനത്തെ തുടർന്ന് കുറേ ബാരലുകൾ നഞ്ചംപറമ്പ്, ആദൂർ പ്രദേശത്ത് മണ്ണിൽ കുഴിച്ചിട്ടതിന്റെ ദുരന്തങ്ങൾ

കാർട്ടൂൺ: വി.എസ്. ഗിരീശൻ




അവിടെയുള്ള ജനങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വൈകല്യങ്ങളോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം അവിടെ വളരെ കൂടുതലാണ്.

**സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച സഹായങ്ങൾ ഉപകാരപ്പെടുമോ?**

സംസ്ഥാന ബജറ്റിൽ കാസർകോട്ടെ എൻഡോസൾഫാൻ ദുരിത മേഖലയ്ക്ക് പരിഗണന ലഭിച്ചില്ല. ദുരിത ബാധിതരുടെ പുനരധിവാസത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം മാറ്റിവയ്ക്കുമെന്നു മാത്രമാണുണ്ടായത്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ചികിൽസയും തുടർ ചികിൽസയും ഉറപ്പു വരുത്തുമെന്ന് പറയുന്നതല്ലാതെ ഇതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് ബജറ്റിൽ നിർദേശങ്ങളൊന്നും ഇല്ല. ദുരിതബാധിതരുടെ പുനരധിവാസത്തിനായി അടിയന്തിര നടപടിയെടുക്കുമെന്ന് സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നെങ്കിലും ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ദുരിതബാധിതരുടെ ചികിൽസയ്ക്കും പുനരധിവാസത്തിനുമായി കേന്ദ്ര സർക്കാരിനു സമർപ്പിച്ച പദ്ധതിയിൽ സംസ്ഥാനത്തിന്റെ വിഹിതമായി 25 കോടി രൂപ അനുവദിച്ചു എന്നുമാത്രമാണ് ബജറ്റിൽ പറഞ്ഞിരിക്കുന്നത്.

**എൻഡോസൾഫാനെതിരെയുള്ള കാസർഗോഡ് ജനതയുടെ സമരങ്ങൾക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഗ്രാമങ്ങളിൽ ആരംഭിച്ച ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ പിന്നീട് യോജിച്ച പ്ലാറ്റ്ഫോമിലേക്കെത്തുകയും എൻഡോസൾഫാൻ വിരുദ്ധ സമിതി എന്ന പേരിൽ നിരവധി സമരങ്ങൾ നടത്തുകയും ചെയ്തു. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി വളരെ വൈകിയാണ് രൂപീകരിക്കപ്പെടുന്നത്. ആ സാഹചര്യം ഒന്ന് വിശദീകരിക്കാമോ? പ്രവർത്തനങ്ങൾക്ക് എത്രത്തോളം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്?**

രണ്ട് വർഷം മുമ്പ് മാത്രമാണ് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി രൂപീകരിക്കപ്പെടുന്നതും സമരരംഗത്തേക്ക് എത്തുന്നതും. അതിന് മുമ്പ് സമരത്തിൽ സജീവമായുണ്ടായിരുന്നത് എൻഡോസൾഫാൻ വിരുദ്ധ സമിതിയായിരുന്നു. എൻ

ഡോസൾഫാൻ നിരോധിക്കുക എന്നതായിരുന്നു അവർ മുഖ്യമായും എൻഡോസൾഫാൻ നിരോധിച്ച ശേഷം അവരുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലായി. ആ സമയത്താണ് ഇരകളെ മുന്നിൽ നിർത്തിക്കൊണ്ട്, അവർക്ക് നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുക എന്ന മുദ്രാവാക്യവുമായി പീഡിത ജനകീയ മുന്നണി മുന്നോട്ട് വരുന്നത്. എൻഡോസൾഫാൻ വിരുദ്ധ സമിതിയിൽ പ്രവർത്തിച്ചിരുന്നവരിൽ അധികവും പൊതു ആക്ടിവിസ്റ്റുകളായിരുന്നുവെങ്കിൽ പീഡിത ജനകീയ മുന്നണിയിൽ ഏറെയും എൻഡോസൾഫാൻ ദുരിത ബാധിതർ തന്നെയായിരുന്നു. അവരാണ് സമരങ്ങൾക്ക് നേതൃത്വം നൽകിയത്. അമ്മമാരുടെ സമരമെല്ലാം ആ രീതിയിലാണ് സംഘടിപ്പിക്കപ്പെട്ടത്. എൻഡോസൾഫാൻ നിരോധനത്തോടെ പ്രശ്നങ്ങൾ അവസാനിച്ചു എന്ന ധാരണ പരത്താനാണ് ഭരണകൂടം ശ്രമിച്ചത്. കാസർഗോഡിന് പുറത്തുള്ള പൊതുസമൂഹം അത് വിശ്വസിക്കുകയും ചെയ്തു.

എന്നാൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി ഇരകളെ മുൻ നിർത്തിയുള്ള സമരങ്ങൾ ആരംഭിച്ചതോടെയാണ് കാസർഗോഡെ പ്രശ്നങ്ങൾ അവസാനിച്ചിട്ടില്ലെന്നും ഇരകളുടെ സ്ഥിതി അതിദയനീയമാണെന്നും അവർ പുനരധിവസിക്കപ്പെട്ടിട്ടില്ല എന്നുമുള്ള സത്യങ്ങൾ പൊതുസമൂഹം അറിഞ്ഞുതുടങ്ങുന്നത്. അതോടെ എൻഡോസൾഫാൻ നിരോധനം എന്നതിൽ ഒതുങ്ങി നിന്നിരുന്ന സമരങ്ങൾ ഇരകളുടെ നീതി എന്നതിലേക്ക് മാറി. ഇരകൾക്ക് നീതി ലഭ്യമാക്കുന്നതിലൂടെ എൻഡോസൾഫാൻ പോലെയുള്ള ദുരിതങ്ങൾ വീണ്ടും ആവർത്തിക്കപ്പെടാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനാണ് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി ശ്രമിക്കുന്നത്. നീതിക്ക് വേണ്ടി സമരം ചെയ്യുക എന്നത് മാത്രമാണ് നമുക്ക് കഴിയുന്നത്. ഇരകളുടെ പുനരധിവാസം ഏറ്റെടുക്കേണ്ട ബാധ്യത സർക്കാറിന് തന്നെയാണുള്ളത്. കാരണം, ഈ ദുരന്തം യാദൃശ്ചികമായുണ്ടായ ഒന്നല്ല. ഭരണകൂടം ആസൂത്രിതമായി നടപ്പിലാക്കിയ രാസയുദ്ധമാണ് കാസർഗോഡ് നടന്നത്. അതുകൊണ്ടു തന്നെ മുഴുവൻ നഷ്ടപരിഹാരവും നൽകേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. കൂടാതെ ജൈവപുനഃസ്ഥാപനം നടത്തി കാസർഗോഡിന്റെ മണ്ണിനെ വിഷമുക്തമാക്കുകയും വേണം.

**നിരോധനത്തിന് ശേഷമുള്ള കാസർഗോഡിന്റെ സ്ഥിതി എന്താണ്?**

2001 ലാണ് കാസർഗോഡ് ആദ്യമായി എൻഡോസൾഫാൻ നിരോധനമുണ്ടാകുന്നത്. ആ നിരോധനം പിന്നീട് നീക്കുകയും ആകാശ മാർഗ്ഗമുള്ള സ്പ്രേയിംഗിന് മാത്രമായി നിരോധനം നിലനിൽക്കുകയും ചെയ്തു. നിരോധനങ്ങൾക്ക് പത്ത് വർഷത്തിലേറെ ചരിത്രമുണ്ടെങ്കിലും കാസർഗോഡ് ഇന്നും വൈകല്യങ്ങളുള്ള കുട്ടികൾ ജനിക്കുന്നുണ്ട്. എൻഡോസൾഫാൻ ഇരയായ, തല വലുതും ഉടൽ ചെറുതുമായി ജനിക്കേണ്ടിവന്ന സൈനബയുടെ ചിത്രം ആരും മറന്നിട്ടുണ്ടാകില്ല. സമാനമായ വൈകല്യമുള്ള ഒരു കുട്ടി പുല്ലൂർ-പെരിയ പഞ്ചായത്തിൽ അടുത്തിടെ ജനിച്ചു. സിനാൻ എന്ന് പേരുള്ള ആ കുട്ടിക്ക് ഇപ്പോൾ ഏഴ് മാസമാണ് പ്രായം. നിരോധനത്തിന് ശേഷവും കാസർഗോഡ് ഇത്തരത്തിലുള്ള കുട്ടികൾ ജനിക്കുന്നു എന്നതാണ് ഇന്ന് ഞങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന ആശങ്ക. അഞ്ച് വർഷം കൊണ്ട് സാമ്പത്തിക സഹായങ്ങൾ പിൻവലിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. പക്ഷെ തലമുറകളിലേക്ക് ദുരന്തത്തിന്റെ ആഘാതം പടർന്നുകൊണ്ടേയിരിക്കുന്നു. എൻഡോസൾഫാൻ രണ്ട് കണ്ണിന്റെ കാഴ്ചകൾ നഷ്ടപ്പെടുത്തിയ മുനീസ എന്ന യുവതി സമരപന്തലിൽ വന്ന് പറഞ്ഞ വാചകം ഇടയ്ക്കിടെ ഞങ്ങളുടെ ഉള്ളുലയ്ക്കുന്നുണ്ട്. "അഞ്ച് വർഷം കൊണ്ട് ഞങ്ങളെല്ലാം മരിച്ചുതീരും എന്നായിരിക്കും ഭരിക്കുന്നവരുടെ കണക്കുകൂട്ടൽ, അല്ലെങ്കിൽ അഞ്ച് വർഷം കൊണ്ട് ഞങ്ങളെ കൊന്നുതീർക്കുമായിരിക്കും" എന്ന് മുനീസ പറഞ്ഞ പേടിപ്പെടുത്തുന്ന യാഥാർത്ഥ്യത്തിലേക്കാണ് കാസർഗോഡ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ സമരം വിജയിക്കേണ്ടത് അനിവാര്യമായിത്തീരുന്നതും അതുകൊണ്ടാണ്. ■

**വൈകി കിട്ടിയത്**

## സമരം പിൻവലിച്ചു

മാർച്ച് 25ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന ചർച്ചയിൽ സമര സമിതി ഉന്നയിച്ച ആവശ്യങ്ങളിൽ ഭൂരിഭാഗവും സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് 36 ദിവസമായി കാസർഗോഡ് നടത്തിവന്ന നിരാഹാര സമരം പിൻവലിച്ചു. എ. മോഹൻകുമാർ, എ. വാസു, മോയീൻ ബാപ്പു എന്നിവർ നിരാഹാരം അവസാനിപ്പിച്ചു. ദുരിതബാധിതരുടെ കടങ്ങൾക്ക് ആറ് മാസത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ആനുകൂല്യങ്ങൾ അഞ്ച് വർഷം കഴിഞ്ഞ് നിർത്തലാക്കുമെന്ന ഉത്തരവ് റദ്ദാക്കാനും തീരുമാനമായി.